43 (3368) അനധികൃത മരംമുറി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാർ ഡിവിഷനിലെ ദേവികുളം, മൂന്നാർ, നേര്യമംഗലം, അടിമാലി, കോട്ടയം ഡിവിഷനിലെ എരുമേലി, കുമളി, നഗരംപാറ എന്നീ റെയ്ഞ്ചുകളിൽ നിന്നും വ്യാപകമായി മരം മുറിച്ച് കടത്തികൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥന്മാരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) 1-1-1997 മുതൽ പ്രസ്തുത റെയ്ഞ്ചുകളിൽ നിന്നും മരംമുറിച്ചു കൊണ്ടുപോകുന്നതിന് നൽകിയിട്ടുള്ള പാസ്സുകളുടെയും കത്തുകളുടെയും വിശദവിവരം നൽകുമോ?

ഉത്തരം

(എ) 1999 ജൂൺ മാസത്തിൽ മൂന്നാർ ഡിവിഷനിലെ ദേവികുളം റെയ്ഞ്ചിൽ നിന്നും 92 വിവിധയിനം മരങ്ങൾ അനധികൃതമായി മുറിച്ചു കടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ മരംമുറി സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിവരുന്നു.

(സി) പ്രഥമദൃഷ്ട്യാ കുറ്റക്കാരാണെന്നു കണ്ട ഉദ്യോഗസ്ഥൻമാരെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ഡി) വിശദവിവരം അനുബന്ധത്തിൽ കാണാവുന്നതാണ്.*

44 (3369) വനംവകുപ്പിലെ ഉദ്യോഗസ്ഥന്മാർക്കെതിരെ ശിക്ഷണ നടപടികൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വനംവകുപ്പിലെ ഏതെല്ലാം ഉദ്യോഗസ്ഥൻമാർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ശിക്ഷണ നടപടികൾക്ക് വിധേയമായിട്ടുള്ളവരുടെ പേരും റാങ്കും വെളിപ്പെടുത്തുമോ;

(സി) ഇങ്ങനെ ശിക്ഷണ നടപടികൾക്ക് വിധേയരായുള്ളവരെ ആരെയെങ്കിലും പിന്നീട് ശിക്ഷണ നടപടികളിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly